(ഡി) കനാൽ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും മറ്റ് ഇൻവെസ്റ്റിഗേഷൻ നടപടികളും എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ കനാലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(എഫ്) എം.വി.ഐ.പി കമ്മീഷൻ ചെയ്യുന്ന കൂട്ടത്തിൽ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ കമ്മീഷൻ ഉണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ എസ്റ്റിമേറ്റിലും ടെന്ററിലും ക്രമക്കേടുകൾ ഉണ്ടെന്നുള്ള ആരോപണത്തെത്തുടർന്നു നടത്തിയ പ്രാഥമികാന്വേഷണ റിപ്പോർട്ടിൽ കഴമ്പുണ്ടെന്നു ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കരാർ റദ്ദാക്കാൻ തീരുമാനിച്ചത്.

(സി) സാങ്കേതിക വശങ്ങൾ മെച്ചപ്പെടുത്തി അലൈൻമെന്റ് നിശ്ചയിച്ച് സാമ്പത്തിക ബാദ്ധ്യത നിജപ്പെടുത്തി കനാൽ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) — (എഫ്) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ അലൈൻമെന്റ് മാറ്റർ, എസ്റ്റിമേറ്റിലെ അപാകതകൾ തുടങ്ങിയവ സംബന്ധിച്ച് അന്വേഷണം നടത്തി മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ ഫിനാൻസ് ഇൻസ്പെക്ഷൻ (ടെക്നിക്കൽ) വിംഗിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. മേൽ റിപ്പോർട്ട് ലഭിച്ച് ആവശ്യമായ പഠനം നടത്തിയശേഷം കനാൽ നിർമ്മാണത്തിനുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. കനാൽ നിർമ്മാണത്തിനുള്ള സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല.

പമ്പാ ജലസേചന പദ്ധതിയുടെ മണിയാർ സംഭരണിയിലെ ചെളി നീക്കുന്നതിന് കരാർ

51 [230] *ശ്രീ. രാജു എബ്രഹാം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ ജലസേചന പദ്ധതിയുടെ മണിയാർ സംഭരണിയിൽ നിന്ന് ചെളി നീക്കുന്നതിനായി സർക്കാർ കരാർ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് എന്നാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്; ഏതൊക്കെ പത്രങ്ങളിലാണ് ഇവ പ്രസിദ്ധീകരിച്ചിരുന്നത്;

(സി) എത്ര ലക്ഷം രൂപയ്ക്കാണ് കരാർ നൽകിയിട്ടുള്ളത്; ചെളി വാരി നീക്കുമ്പോൾ ലഭിക്കുന്ന മണൽ വിൽക്കുന്നതിന് കരാറുകാരന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി മണൽ കടത്ത് പാസ്സ് നൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്;

(ഇ) പാസ്സ് നൽകിയത് വഴി എത്ര രൂപയുടെ വരുമാനമാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്;

(എഫ്) പ്രതിദിനം എത്ര പാസ്സ് നൽകാനാണ് അനുമതി ഉണ്ടായിരുന്നത്;

(ജി) കരാർ നൽകിയത് എന്നാണ്;

(എച്ച്) എത്ര നാളായിരുന്നു കരാർ കാലാവധി; ആർക്കാണ് കരാർ ലഭിച്ചത്; എത്രമാത്രം ചെളി നീക്കാനാണ് കരാർ; എത്രമാത്രം ഏരിയായിൽ നിന്നാണ് ചെളി നീക്കാൻ അനുമതി നൽകിയിരുന്നത്?

ഉത്തരം

(എ) 2004-2005-ൽ കരാർ നൽകിയിരുന്നു.

(ബി) പമ്പാ ജലസേചന പദ്ധതി എക്സി. എഞ്ചിനീയറുടെ 15-4-2004-ലെ കത്ത് പ്രകാരം കാട്ടേഷനും പൊതു ലേലവും പത്രപരസ്യത്തിനായി കേരളാ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക് അയയ്ക്കുകയുണ്ടായി. 2004 മേയ് മാസം 6-ാം തീയതിയിലെ ദീപിക ദിനപത്രത്തിലും 2004 മേയ് മാസം 7-ാം തീയതിയിലെ തീപ്പന്തം പത്രത്തിലും ഇവ പ്രസിദ്ധീകരിച്ചു. ടെണ്ടർ നൽകേണ്ട അവസാന തീയതി 20-5-2004 ആയിരുന്നു.

(സി) മണിയാർ സംഭരണിയിൽ നിന്ന് 15,000 ക്യൂബിക് മീറ്റർ ചെളിയും മണ്ണും നീക്കുന്നതിന് കരാറുകാരൻ 6,32,700 രൂപ മുൻകൂറായി അടയ്ക്കുകയുണ്ടായി.

(ഡി) ബാരേജിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു.

(ഇ) നികുതി ഉൾപ്പെടെ അഞ്ച് ലക്ഷം രൂപ.

(എഫ്) 15,000 ക്യൂബിക് മീറ്റർ മണ്ണും ചെളിയും 31-3-2005 വരെയുള്ള കാലാവധിക്കുള്ളിൽ നീക്കം ചെയ്യുവാനാണ് കരാർ ഉണ്ടാക്കിയത്.

(ജി) 26-5-2004-ൽ.

(എച്ച്) 26-5-2004 മുതൽ 31-3-2005 വരെ ആയിരുന്നു കരാർ കാലാവധി. കരാർ ലഭിച്ചത് എം. കെ. ദിനേശൻ, മേപ്പാട്ടുതറയിൽ, മണിയാർ വടശ്ശേരിക്കര (പി.ഒ.) എന്ന വ്യക്തിക്കാണ്. 15,000 ക്യൂബിക് മീറ്റർ മണ്ണും ചെളിയും നീക്കം ചെയ്യാനാണ് കരാർ നൽകിയത്. മണിയാർ ഡാമിന്റെ സംഭരണ മേഖലയിൽ നിന്നും 950 മീറ്റർ മുകൾഭാഗം വരെയുള്ള ചെളിയും മണ്ണും നീക്കാനാണ് കരാർ നൽകിയിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly